(എഫ്) സ്റ്റേറ്റിനകത്തുള്ള യാത്രകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഹെലികോപ്റ്ററുകളും വിമാനങ്ങളും ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര യാത്രകൾക്ക്;

(ജി) 1985 നവംബർ മുതൽ 1986 മേയ് മാസം ഉൾപ്പെടെയുള്ള ഓരോ മാസത്തിലും മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹിയാത്ര നടത്തിയിട്ടുണ്ട്;

(എച്ച്) ആയതിന് ഓരോമാസവും യാത്ര ചിലവു കണക്കിൽ ഗവൺമെന്റിനു ചെലവായ സംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ;

(ഐ) 1986 മേയ് മാസത്തിൽ മുഖ്യമന്ത്രിയുടെ യാത്രയ്ക്കുപയോഗിച്ച സ്പെഷ്യൽ വിമാനത്തിന്റെ ചെലവ് ആരാണ് വഹിച്ചത്;

(ജെ) മുഖ്യമന്ത്രിയുടെ പാർട്ടി ആവശ്യത്തിനും സ്വന്തം ആവശ്യത്തിനും മുന്നണിത്തർക്കങ്ങളും പരിഹരിക്കുന്നതിനും ഡൽഹിയിലേയ്ക്ക് യാത്ര ചെയ്യുമ്പോഴും അതിന്റെ ചെലവ് ആരാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 66 (അറുപത്തിയാറ്).

(ബി) 66 (അറുപത്തിയാറ്).

(സി) ഈ യാത്രകൾക്ക് വിമാന യാത്രക്കൂലി ഉൾപ്പെടെ രൂപ 2,34,125.90 (രണ്ടു ലക്ഷത്തി മുപ്പത്തിനാലായിരത്തി ഒരുന്നൂറ്റി ഇരുപത്തിയഞ്ചു രൂപ തൊണ്ണൂറു പൈസമാത്രം) ചിലവായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 1986 മേയ് 23-ാം തീയതി.

(എഫ്) ഉണ്ട്. 26 (ഇരുപത്തിയാറ്) യാത്രകൾക്ക്.

(ജി) മൊത്തം 14 (പതിനാല്) പ്രാവശ്യം.

(എച്ച്) 1985 നവംബർ മുതൽ 1986 മേയ് മാസംവരെ വിമാന യാത്രക്കൂലി ഉൾപ്പെടെ 26,220 (ഇരുപത്തിയാറായിരത്തി ഇരുനൂറ്റി ഇരുപതു) രൂപ ചിലവായിട്ടുണ്ട്.

(ഐ) കേന്ദ്ര ഗവൺമെന്റാണ്.

(ജെ) ഡൽഹിയാത്രകൾ ഔദ്യോഗികമാണ്.

കോവളം കടലിലെ അപകടമരണം ഒഴിവാക്കാൻ നടപടി

*16 [16] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനകം (1-6-1985 മുതൽ 31-5-1986. വരെ) കോവളം കടലിൽ കുളിക്കാനിറങ്ങിയവരിൽ എത്രപേർ മരിച്ചിട്ടുണ്ട്; ദിവസവും ആയിരക്കണക്കിന് ആളുകൾ കുളിക്കുന്ന കോവളത്ത് ഒഴുക്കിൽ അകപ്പെട്ടുപോകുന്നവരെ രക്ഷപ്പെടുത്താൻ ഇന്ന് ഒരു സംവിധാനം നിലവിലില്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഒൻപതുപേർ മുങ്ങിമരിക്കാൻ ഇടയായിട്ടുണ്ട്. ഒഴുക്കിൽ അകപ്പെട്ടുപോകുന്നവരെ രക്ഷപ്പെടുത്തുവാൻ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഐ.ടി.ഡി.സി:ക്കു വേണ്ടി സജ്ജമാക്കിയിട്ടുള്ള സ്ഥലങ്ങളിൽ രക്ഷാബോട്ടുകളും നീന്തൽ വിദഗ്ദ്ധരും ഉണ്ട്. ഇതര സ്ഥലങ്ങളിൽ കുളിക്കാനിറങ്ങുന്നത് അപകടമാണെന്നു സൂചിപ്പിക്കുന്ന മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനശ്രദ്ധ ആകർഷിക്കത്തക്ക വിധം ഇത്തരം ബോർഡുകൾ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ എഴുതി അപകട മേഖലകളിലെല്ലാംതന്നെ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് പട്രോളിങ്ങ് ഫലപ്രദമായി നടത്തിവരുന്നു. ഇതുകൂടാതെ നീന്തലിൽ വൈദഗ്ദ്ധ്യം നേടിയ 'ലൈഫ് ഗാർഡു' കളെ നിയമിക്കുവാനും നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

പോലീസ് സേനയുടെ അംഗസംഖ്യ

* 17 [17] ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി:
,, പി. സീതി ഹാജി:
,, സി.ടി. അഹമ്മദ് അലി:
,, പി.വി. മുഹമ്മദ്:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ അംഗസംഖ്യ ജനസംഖ്യാനുപാതികമായി മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കുറവാണോ;

(ബി) എങ്കിൽ ആ കുറവ് പരിഹരിക്കുവാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ അംഗസംഖ്യ ജനസംഖ്യാനുപാതികമായി 8 സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതലും 13 സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കുറവുമാണ്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പോലീസ് സേനയുടെ അംഗസംഖ്യ ആവശ്യാനുസരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly